# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2246** **08.12.2015-ൽ മറുപടിയ്ക്ക്**

## ലോക്കൽ ഏരിയ പവ്വർ ഡവലപ്പ്മെന്റ് പദ്ധതി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലോക്കൽ ഏരിയ പവർ ഡവലപ്പ്മെന്റ് പദ്ധതി (LAPDS) നടപ്പിലാക്കുന്നതിലേക്ക് അനുമതി നൽകിയിട്ടുണ്ടായിരുന്നുവോ ; | (എ) | സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ ലോക്കൽ ഏരിയ പവർ ഡവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ടി പദ്ധതിക്കായി രൂപീകരിക്കാൻ നിർദ്ദേശിക്കപ്പെട്ട നിയോജക മണ്ഡലാടിസ്ഥാന ത്തിലുള്ള 20 ലക്ഷം രൂപയുടെ കോർപ്പസ് ഫണ്ടിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ വിഹിതമായ 5 ലക്ഷം രൂപ അനുവദിച്ചു നൽകുന്നതു സംബന്ധിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഇതിലേക്ക് ആവശ്യമായി വരുന്ന തുക കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്നും അറിയിക്കാമോ ; | (ബി) | LAPDS പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു<br><br>1. വോൾട്ടേജ് ഇംപ്രൂവ്മെൻറ് വർക്കുകൾ.<br>2. ലൈൻ നിർമ്മാണം.<br>3. തെരുവു വിളക്കു സ്ഥാപിക്കൽ.<br>4. ചില്ല വെട്ടൽ.<br>5. റോഡ് വീതി കൂട്ടുന്നതിനായി ലൈൻ മാറ്റൽ.<br><br>ഇതിനു പുറമേ അടിയന്തിര ഘട്ടങ്ങളിൽ പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വൈദ്യുതി തകരാർ പരിഹരിക്കുന്നതിനും ഈ ഫണ്ട് പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>ഓരോ നിയോജക മണ്ഡലത്തിലേക്കും LAPDS-നായുള്ള 20 ലക്ഷം രൂപയുടെ കോർപസ് ഫണ്ടിലേക്ക് കെ. എസ്. ഇ. ബി. ലിമിറ്റഡ് |

10 ലക്ഷം രൂപയും ബന്ധപ്പെട്ട നിയോജക മണ്ഡല ത്തിലെ എം. എൽ. എ. 5 ലക്ഷം രൂപയും നിയോജക മണ്ഡലത്തിൽപ്പെടുന്ന കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവ യഥാക്രമം 3 ലക്ഷം രൂപ, 2 ലക്ഷം രൂപ, 1 ലക്ഷം രൂപ എന്ന തോതിലും വിഹിതം നൽകണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ; ഇല്ലായെങ്കിൽ എന്നത്തേയ്ക്ക് പദ്ധതി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

(സി) സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് നിയോജക മണ്ഡങ്ങളിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ ഈ പദ്ധതി നടപ്പിലാക്കാനാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ.